**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കാനുള്ള നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യെ സ്വയം പര്യാപ്തമാക്കുന്നതിന് സ്വീകരിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. <u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u><br><br>പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിജയകരമായി നടന്നുവരുന്നു. ആയത് പ്രകാരം ജൂൺ മാസത്തെ (01.06.2024 മുതൽ 21.06.2024 വരെ) വരുമാനം 5,06,662/- രൂപയാണ്. വരുമാന വിവരം അനുബന്ധം I ആയി ചേർക്കുന്നു.<br><br>2. <u>ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP)</u><br><br>ആരംഭിച്ച് കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.<br><br>3. <u>മിനി ഫീഡർ ഓർഡിനറി സർവീസ്</u><br><br>സാമൂഹിക പ്രതിബദ്ധതയുള്ളതുമായ റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും നഷ്ടം ഒഴിവാക്കുവാനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം മിനി ബസ്സുകൾ വിജയകരമായി നടന്നുവരുന്നു.<br><br>4. <u>നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ</u><br><br>കൂടുതൽ ഡിമാൻടുള്ള ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓടുന്ന ഡീസൽ ബസ്സുകൾക്ക് പകരം പുതിയ വലിപ്പം കുറഞ്ഞ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. |

5. റൂട്ട് പുനഃക്രമീകരണം

ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മലയോര സർവീസുകൾ എന്നീ വിഭാഗങ്ങളെ ബാധിക്കാതെ നിലനിർത്തി റൂട്ടുകളും ട്രിപ്പുകളും വിശദമായി പരിശോധിച്ച് dead kilometer പരമാവധി ഒഴിവാക്കി ഷെഡ്യൂൾ/ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഇന്ധന ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

6. ഇലക്ട്രിക് ബസ്സുകളുടെ പുനഃക്രമീകരണം

ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും, ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഈ ബസ്സുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. വരുമാനം സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു.

7. ഗ്രാമവണ്ടി

ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. 2024 മെയ് വരെ 23 ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ച് യാത്രാ സൗകര്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

8. സമുദ്ര

വനിതാ മത്സ്യതൊഴിലാളികൾക്ക് വേണ്ടി പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ അനുവദിച്ച് യാത്രാ സൗകര്യം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

9. ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ

സൂപ്പർ ക്ലാസ് ബസ്സുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനവും തിരുവനന്തപുരം സിറ്റി സർവ്വീസുകളിൽ സ്മാർട്ട് ട്രാവൽ കാർഡ് സംവിധാനവും ഏർപ്പെടുത്തിയത് വഴി ക്യാഷ് ലെസ്സ് ഡിജിറ്റൽ ട്രാൻസാക്ഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

10. വിദ്യാർത്ഥി കൺസഷൻ

യാത്രാ കൺസഷനുവേണ്ടി ഡിപ്പോകളിലുണ്ടാകുന്ന തിരക്കും കാലതാമസവും ഒഴിവാക്കുന്നതിന് വിദ്യാർത്ഥി കൺസഷൻ 2024 അദ്ധ്യയനവർഷം മുതൽ ഓൺലൈൻ ആക്കിയിട്ടുണ്ട്.

11. കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ

പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകി മികവുറ്റ ലൈസൻസ് അനുവദിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ബസുകളുടെ നവീകരണം.

സ്ലീപ്പർ ബസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ്.

നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന മിന്നൽ ബസുകൾ കൂടുതൽ നവീകരിച്ച് സർവ്വീസ് നടത്തി വരുന്നു.

ബസ്സുകളുടെ ഓഫ് റോഡ് 500-ലേക്ക് എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലും, വീതി കുറഞ്ഞ റോഡുകളിലും സർവ്വീസ് നടത്തുന്നതിന് ചെറിയ ബസ്സുകൾ നിരത്തിലിറക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

യാത്രക്കാർക്കുള്ള ക്രമീകരണം

യാത്രക്കാർക്ക് ബസ് കാത്തിരിക്കുന്നതിന് യോഗ്യമായ കാത്തിരിപ്പ് സ്ഥലം സജ്ജമാക്കും.

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ പബ്ലിക് ടോയ്‌ലെറ്റുകൾ ഒരു ഏജൻസിയെ ഏൽപ്പിച്ച് പുനരുദ്ധാരണം നടത്തി ഉപയോഗപ്രദമാക്കുന്നതാണ്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും, കെട്ടിടങ്ങളും വാടകയ്ക്ക് നൽകിയും, ഹോർഡിംഗ് സ്ഥാപിക്കുന്നതിന്, LED Display സ്ഥാപിച്ച് പരസ്യം നടത്തുന്നതുവഴിയും ടിക്കറ്റേതര വരുമാനം വർദ്ധിച്ചിട്ടുണ്ട്.

കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി.

Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ഡിപ്പോകളിലും ബസുകളിലും ആരംഭിച്ചു.

ഡിപ്പോകളിൽ നിലവാരമുള്ള Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബഡ്ജറ്റ് ടൂറിസം

| | | | |
|---|---|---|---|
| | | | കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും IRCTC, ലക്ഷദ്വീപ് ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവയുമായി സഹകരിച്ച് ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br><br>നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളിൽ യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മെയ് മാസം മുതൽ ആരംഭിച്ചു.<br><br><u>പദ്ധതി വിഹിതം</u><br><br>കെ.എസ്.ആർ.ടി.സി.യിൽ നിന്നും കെ.ടി.ഡി.എഫ്.സി.യ്ക്ക് നൽകുവാനുള്ള ദീർഘകാലത്തെ വായ്പ കുടിശ്ശിക ഒടുക്കിത്തീർക്കുന്നതിനായി 625 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിരുന്നു. വായ്പ കുടിശ്ശിക ഒടുക്കിത്തീർത്തതുവഴി കെ.എസ്.ആർ.ടി.സി.യുടെ ക്രെഡിറ്റ് റേറ്റിംഗ് ‘C-Stable’ കാറ്റഗറിയിലേക്ക് ഉയർത്തുവാൻ കഴിഞ്ഞു. ഇപ്രകാരം ക്രെഡിറ്റ് റേറ്റിംഗ് ഉയർന്നതുവഴി 450 കോടി രൂപയുടെ ദീർഘകാല തിരിച്ചടവുള്ള അധിക വായ്പ അനുവദിച്ച് നൽകുന്നതിന് കൺസോർഷ്യം ബാങ്കുകൾ സന്നദ്ധത അറിയിക്കുകയുണ്ടായി.<br><br>2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പ വിഹിതമായും, പദ്ധതി വിഹിതമായും യഥാക്രമം 900 കോടി രൂപയും, 128.54 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം പതിപ്പിക്കുന്നതു വഴിയും ബസ് സ്റ്റാന്റിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും ഹോർഡിംഗ് സ്ഥാപിക്കുന്നതുവഴിയും, LED Display സ്ഥാപിച്ച് പരസ്യം നടത്തുന്നതുവഴിയും ടിക്കറ്റേതര വരുമാനം വർദ്ധിച്ചിട്ടുണ്ട്.<br><br>Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ഡിപ്പോകളിലും ബസുകളിലും ആരംഭിച്ചു.<br><br>യാത്രക്കാർക്കും പൊതുജനങ്ങൾക്കും ഡിപ്പോകളിൽ നിലവാരമുള്ള Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ 14 ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും, 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും IRCTC, ലക്ഷദ്വീപ് ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവയുമായി സഹകരിച്ച് ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.<br><br>കൊറിയർ & ലോജിസ്റ്റിക് സംവിധാനം 15.06.2023 തീയതി മുതൽ ആരംഭിച്ചു. |
| (സി) | ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ വൈദ്യുത ബസുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവും, ഇലക്ട്രിക് ബസ്സുകളുടെ വില ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലായതിനാലും കൂടുതൽ വൈദ്യുത ബസുകൾ വാങ്ങുന്നതിനുള്ള തീരുമാനം കൈകൊണ്ടിട്ടില്ല. ഇലക്ട്രിക് ബസുകളുടെ പ്രവർത്തനം സംബന്ധിച്ച വരവ് ചെലവ് വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ പൂർണ്ണ സഹകരണം ഉറപ്പ് വരുത്തുന്നതിനായി മുടങ്ങിക്കിടന്നിരുന്ന ശമ്പള പരിഷ്ക്കരണം 2022 ജനുവരി മാസം മുതൽ അനുവദിച്ചിട്ടുണ്ട്.<br><br>ബഹു. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളം ഒറ്റ ഗഡുവായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.<br><br>1. ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.<br>2. അവശത അനുഭവിക്കുന്ന ജീവനക്കാർക്ക് വേഗത്തിലും സുതാര്യമായും അർഹതപ്പെട്ട ആയാസ രഹിത ജോലിയും കാറ്റഗറി മാറ്റവും നടപ്പിലാക്കുന്നതിന് കെ.എസ്.ആർ.ടി.സി. സ്വന്തമായി മെഡിക്കൽ ബോർഡ് രൂപീകരിച്ചു.<br><br>ഇത്തരത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ജീവനക്കാരുടെ സഹകരണം ഉറപ്പുവരുത്തി പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## KERALA STATE ROAD TRANSPORT CORPORATION

### COLLECTION DETAILS OF AC PREMIUM SUPER FAST FOR THE MONTH OF JUNE-2024

| DATE | TRIP NO | PASSENGER | COLLN | TRIP NO | PASSENGER | COLLN | TOTAL TRIP | TOTAL PASSENGER | TOTAL COLLN | DIESEL CONSUMED | TOTAL KM | EPKM | EPB | EPL | KMPL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 01-06-2024 | 1 | 52 | 11359 | 2 | 93 | 17028 | 2 | 145 | 28387 | 130 | 476 | 59.64 | 28387 | 218.362 | 3.66 |
| 02-06-2024 | 1 | 57 | 12256 | 2 | 52 | 13024 | 2 | 109 | 25280 | 122 | 476 | 53.11 | 25280 | 207.213 | 3.90 |
| 03-06-2024 | 1 | 62 | 11462 | 2 | 70 | 14309 | 2 | 132 | 25771 | 114 | 476 | 54.14 | 25771 | 226.061 | 4.18 |
| 04-06-2024 | 1 | 46 | 6846 | 2 | 53 | 8025 | 2 | 99 | 14871 | 100 | 476 | 31.24 | 14871 | 148.71 | 4.76 |
| 05-06-2024 | 1 | 58 | 10621 | 2 | 55 | 10835 | 2 | 113 | 21456 | 115 | 476 | 45.08 | 21456 | 186.574 | 4.14 |
| 06-06-2024 | 1 | 61 | 10208 | 2 | 55 | 10671 | 2 | 116 | 20879 | 115 | 476 | 43.86 | 20879 | 181.557 | 4.14 |
| 07-06-2024 | 1 | 63 | 11129 | 2 | 70 | 14687 | 2 | 133 | 25816 | 111 | 476 | 54.24 | 25816 | 232.577 | 4.29 |
| 08-06-2024 | 1 | 50 | 9496 | 2 | 94 | 17309 | 2 | 144 | 26805 | 117 | 476 | 56.31 | 26805 | 229.103 | 4.07 |
| 09-06-2024 | 1 | 62 | 11202 | 2 | 79 | 15633 | 2 | 141 | 26835 | 114 | 476 | 56.38 | 26835 | 235.395 | 4.18 |
| 10-06-2024 | 1 | 93 | 14332 | 2 | 61 | 13325 | 2 | 154 | 27657 | 117 | 476 | 58.10 | 27657 | 236.385 | 4.07 |
| 11-06-2024 | 1 | 56 | 10087 | 2 | 51 | 10750 | 2 | 107 | 20837 | 109 | 476 | 43.78 | 20837 | 191.165 | 4.37 |
| 12-06-2024 | 1 | 56 | 9386 | 2 | 62 | 13021 | 2 | 118 | 22407 | 116 | 476 | 47.07 | 22407 | 193.164 | 4.10 |
| 13-06-2024 | 1 | 43 | 7192 | 2 | 64 | 11906 | 2 | 107 | 19098 | 110 | 476 | 40.12 | 19098 | 173.618 | 4.33 |
| 14-06-2024 | 1 | 49 | 8014 | 2 | 63 | 13355 | 2 | 112 | 21369 | 106 | 476 | 44.89 | 21369 | 201.594 | 4.49 |
| 15-06-2024 | 1 | 47 | 10095 | 2 | 60 | 15011 | 2 | 107 | 25106 | 126 | 476 | 52.74 | 25106 | 199.254 | 3.78 |
| 16-06-2024 | 1 | 73 | 13775 | 2 | 70 | 15941 | 2 | 143 | 29716 | 116 | 476 | 62.43 | 29716 | 256.172 | 4.10 |
| 17-06-2024 | 1 | 84 | 14342 | 2 | 68 | 13268 | 2 | 152 | 27610 | 111 | 476 | 58.00 | 27610 | 248.739 | 4.29 |
| 18-06-2024 | 1 | 76 | 15852 | 2 | 57 | 11494 | 2 | 133 | 27346 | 104 | 476 | 57.45 | 27346 | 262.942 | 4.58 |
| 19-06-2024 | 1 | 54 | 8919 | 2 | 67 | 13556 | 2 | 121 | 22475 | 97 | 476 | 47.22 | 22475 | 231.701 | 4.91 |
| 20-06-2024 | 1 | 91 | 14027 | 2 | 52 | 10639 | 2 | 143 | 24666 | 112 | 476 | 51.82 | 24666 | 220.232 | 4.25 |
| 21-06-2024 | 1 | 54 | 9189 | 2 | 68 | 13086 | 2 | 122 | 22275 | 41 | 476 | 46.80 | 22275 | 543.293 | 11.61 |
| 22-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 23-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 24-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 25-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 26-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 27-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 28-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 29-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| 30-06-2024 | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| | | | | | | | 0 | 0 | 0 | | | #DIV/0! | 0 | #DIV/0! | #DIV/0! |
| TOTAL | 21 | 1287 | 229789 | 42 | 1364 | 276873 | 42 | 2651 | 506662 | 2303 | 9996 | 50.69 | 506662 | 220.001 | |

Ex. Director (Op)

അനുബന്ധം - II

| KERALA STATE ROAD TRANSPORT CORPORATION | | | | | | | | |
|---|---|---|---|---|---|---|---|---|
| MONTHLY PERFORMANCE OF ELECTRIC BUS | | | | | | | | |
| MONTH | No. of Schedules Operated | Total Collection | Operated . KM | Total Passenger | ENERGY CONS. | EPKM | EPB | kwh/ km |
| | Nos. | Rs. in Lakhs | km in Lakhs | Nos. | kwh in lakhs | Rs. | Rs. | kwh/ km |
| Jan-24 | 3,112 | 210.14 | 5.96 | 19,26,542 | 4.27 | 35.28 | 6,753 | 0.72 |
| Feb-24 | 3,063 | 213.12 | 5.59 | 19,57,955 | 4.19 | 38.13 | 6,958 | 0.75 |
| Mar-24 | 3,601 | 242.57 | 6.68 | 20,32,634 | 4.65 | 36.31 | 6,736 | 0.70 |
| Apr-24 | 3,562 | 251.59 | 6.33 | 19,76,267 | 4.50 | 39.72 | 7,063 | 0.71 |
| May-24 | 3,905 | 276.75 | 6.87 | 20,75,779 | 4.95 | 40.30 | 7,087 | 0.72 |

Ex. Director (Op)

അനുബന്ധം - III

## PROFITABILITY STATEMENT OF KSRTC SWIFT BUSES (COLLECTION INCOME) (Unaudited)

(Figures in Lakhs)

| | 2022-23 | 2023-24 | 2024-25 | TOTAL |
|---|---|---|---|---|
| | Aug - March | April - March | April | |
| NO OF BUSES | 50 (From Aug to March 23) | 131 | 145 | 145 |
| **KM OPERATED (in Lakhs)** | **12.60** | **53.42** | **6.33** | **72.35** |
| **REVENUE:** | | | | |
| Fare Revenue | 464.49 | 1956.08 | 251.59 | **2672.16** |
| **TOTAL REVENUE** | **464.49** | **1956.08** | **251.59** | **2672.16** |
| **OPERATING EXPENSES:** | | | | |
| Fuel/ Power Cost | 52.64 | 256.65 | 36.01 | 345.31 |
| Crew Cost | 232.50 | 996.52 | 111.30 | 1340.32 |
| Repair & Maintenance | 37.03 | 157.05 | 18.62 | 212.70 |
| Insurance | 12.87 | 52.83 | 7.68 | 73.37 |
| **TOTAL OPERATING EXPENSES** | **335.05** | **1463.05** | **173.61** | **1971.71** |
| **NON OPERATING EXPENSES:** | | | | |
| Salary - Admin & Other | 21.22 | 38.07 | 1.25 | 60.54 |
| Training & Recruitment Expenses | 5.26 | 3.30 | 0.00 | 8.55 |
| Electricity, Water and Telephone | 0.78 | 0.95 | 0.01 | 1.73 |
| Flag off Ceremony | 3.78 | 0.15 | 0.00 | 3.93 |
| Advertisement | 0.53 | 2.52 | 0.06 | 3.12 |
| Others | 11.86 | 26.04 | 2.54 | 40.44 |
| **TOTAL NON OPERATING EXPENSES** | **43.43** | **71.02** | **3.86** | **118.31** |
| **TOTAL EXPENSES (Operaying + Non Operating)** | **378.48** | **1534.07** | **177.47** | **2090.01** |
| **PROFIT BEFORE DEPRECIATION** | **86.01** | **422.01** | **74.13** | **582.15** |
| Depreciation | 179.74 | 762.27 | 90.39 | 1032.41 |
| Charging Infrastructure Cost | 7.08 | 25.15 | 2.10 | 34.33 |
| Finance Cost | 87.53 | 87.53 | 7.29 | 182.35 |
| **TOTAL EXPENDITURE** | **652.83** | **2409.02** | **277.25** | **3339.10** |
| **PROFIT AFTER DEPRECIATION and FINANCE COST** | **-188.34** | **-452.95** | **-25.65** | **-666.94** |

DM(ACCOUNTS)

DGM(T)
KSRTC SWIFT